**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**<u>കെവിൻ വധക്കേസുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്യപ്പെട്ടവർ</u>**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ.1958 — 13.06.2019-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.ടി.ബൽറാം** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | കെവിൻ വധക്കേസുമായി ബന്ധപ്പെട്ട് അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർ ആരെല്ലാമെന്ന് വിശദമാക്കാമോ; | എ) ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ ആയിരുന്ന എം.എസ്.ഷിബു, ഗ്രേഡ് എ.എസ്.ഐ സണ്ണിമോൻ, ഗ്രേഡ് എ.എസ്.ഐ. ടി.എം.ബിജു, സി.പി.ഒ അജയ കുമാർ എന്നീ പോലീസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| ബി) | ഇവർക്കെതിരെയുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകാമോ; ഇല്ലെങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | ബി) അന്വേഷണങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. |
| സി) | ഇവരിൽ ആരെയെങ്കിലും തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | സി) & ഡി) ഉണ്ട്. സബ് ഇൻസ്പെക്ടർ എം.എസ്.ഷിബുവിനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചുകൊണ്ടുള്ള കൊച്ചി റേഞ്ച് ഐ.ജി യുടെ ഉത്തരവുകൾ സർക്കാർ മരവിപ്പിച്ച് ടിയാനെ സസ്പെൻഷനിൽ നിലനിർത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| ഡി) | ഉണ്ടെങ്കിൽ അന്വേഷണം പൂർത്തീകരിച്ചിട്ടാണോ അതോ ഏതെങ്കിലും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ തിരികെ പ്രവേശിപ്പിച്ചതെന്ന് വിശദമാക്കാമോ; | |
| ഇ) | ഇവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | ഇ) ഉണ്ട്. ഇക്കാര്യത്തിൽ ഫയലുകൾ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**